8999
3/6/16

കേരള സർക്കാർ

നം. 1556/ബി3/16/സാനീവ

സാമൂഹ്യ നീതി (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 26.05.2016.

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013 - നിയമം നടപ്പാക്കുന്നത് - -സംബന്ധിച്ച്.

സൂചന: സാമൂഹ്യ നീതി ഡയറക്ടറുടെ 04.02.2016-ലെ F3-33020/15(3) നമ്പർ കത്ത്.

Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013 ഡിസംബർ 9-ാം തീയതി കേന്ദ്ര സർക്കാർ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 10 ഉം അതിൽ കൂടുതലും ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിക്കുക എന്നത് തൊഴിലുടമയുടെ ബാദ്ധ്യതയാണ്. കമ്മിറ്റികളുടെ പ്രവർത്തനത്തിനാവശ്യമായ സൗകര്യമൊരുക്കുക, അവയുടെ നിർദ്ദേശം നടപ്പിലാക്കുക എന്നിവയും തൊഴിലുടമ പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നത് 50,000/- രൂപ വരെ പിഴ ലഭിക്കാവുന്ന കുറ്റമാണ്. മുൻപ് ഇതേ കുറ്റത്തിന് ശിക്ഷിച്ചിട്ടുള്ള തൊഴിലുടമയ്ക്ക് ഇരട്ടി ശിക്ഷ ലഭിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്തെ പല സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ നിയമപ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിച്ചതായി കാണുന്നില്ല. പല സ്വകാര്യ സ്ഥാപനങ്ങളുടെയും മേലധികാരികൾ ഈ നിയമത്തെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരുമല്ല. ഈ സാഹചര്യത്തിൽ 10 ഉം അതിൽ കൂടുതലും ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേർണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

**എ. ഷാജഹാൻ**
**സെക്രട്ടറി**

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)